ഉത്തരം

(എ) ഉണ്ട്.

(ബി) വഴിയോര പൈപ്പിൽനിന്നും വെള്ളം ദുരുപയോഗം ചെയ്യുന്നതായി ബോദ്ധ്യപ്പെട്ടാൽ പഞ്ചായത്തിനെ അറിയിക്കുകയും പഞ്ചായത്തിന്റെ സമ്മതത്തോടുകൂടി അത്തരം ടാപ്പുകൾ അടയ്ക്കുകയും ചെയ്യുന്നുണ്ട്. മാത്രമല്ല വാട്ടർ അതോറിറ്റിയുടെ നിലവിലുള്ള നിയമപ്രകാരവും നടപടികൾ എടുത്തുവരുന്നുണ്ട്. അതുകൊണ്ട് ദുരുപയോഗം ഒരു പരിധിവരെ തടയുവാൻ കഴിയുന്നുണ്ട്. ഒരു വർഷക്കാലമായി ജലം ലഭിക്കുന്നില്ല എന്ന ശ്രീമതി ജമീലയുടെ പരാതിയിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇപ്പോൾ ശ്രീമതി ജമീലയ്ക്ക് വെള്ളം ലഭിക്കുന്നുണ്ട്.

(സി) സ്വീകരിച്ചു കഴിഞ്ഞു. ഇപ്പോൾ വെള്ളം കൊടുക്കുന്നുണ്ട്.

34 (1677) പൈപ്പുലൈൻ പൊട്ടലിനെപ്പറ്റി അന്വേഷണം

ശ്രീ. ബി. വിജയകുമാർ :

ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം തിരുവനന്തപുരം നഗരത്തിലേക്ക് കുടിവെള്ളം എത്തിക്കുന്ന പൈപ്പു ലൈനുകൾ എവിടെയെല്ലാം പൊട്ടിയിട്ടുണ്ട്;

(ബി) ഇവ നന്നാക്കുന്നതിന് ഒട്ടാകെ എന്തു ചെലവ് വന്നിട്ടുണ്ട്;

(സി) ഈ പൈപ്പു ലൈൻ പൊട്ടലിനെപ്പറ്റി എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അന്വേഷണത്തിൽ ലഭിച്ച വിവരങ്ങളെന്തെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കുമ്മി, കൂട്ടപ്പാറ എന്നീ സ്ഥലങ്ങളിൽ പൈപ്പുലൈൻ പൊട്ടിയിട്ടുണ്ട്.

(ബി) 38,86,563/- രൂപ.

(സി) ഉണ്ട്.

(ഡി) കുമ്മിയിലുണ്ടായ പൈപ്പുപൊട്ടലിന് ദൈവമണി കമ്മിഷൻ കാരണമായി കണ്ടെത്തിയത് പുതിയതായി ഇട്ടുവന്ന കോൺക്രീറ്റു പൈപ്പിലെ ചോർച്ചയും അതിനെ തുടർന്നുണ്ടായ സ്ഥിതിവിശേഷവുമാണ്. ഇതുമൂലം സമീപത്തു 48 ഇഞ്ച് പൈപ്പുലൈൻ താഴ്ന്നു പൊട്ടുകയാണുണ്ടായത്. (ഹ്രസ്വകാലാടിസ്ഥാനത്തിലും ദീർഘകാലാടിസ്ഥാനത്തിലും ചെയ്യേണ്ട പ്രവർത്തനങ്ങളെക്കുറിച്ച് റിപ്പോർട്ടിൽ പ്രസ്താവിച്ചിട്ടുണ്ട്. ഭാവിയിൽ മാർഗ്ഗനിർദ്ദേശങ്ങളായി സ്വീകരിക്കേണ്ട ശുപാർശകളും ഇതിൽ ഉൾപ്പെടുന്നു. കൂട്ടപ്പാറയിലുണ്ടായ പൈപ്പുപൊട്ടലിനെക്കുറിച്ച് അന്വേഷണം നടത്തിയ ബിജിലി കമ്മിഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള അനന്തര നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly